<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 677</u> <u>09-08-2023 - ൽ മറുപടിയ്ക്ക്</u>

<u>കെൽട്രാക്കിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കെൽട്രാക്കിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കോവിഡിനെ തുടർന്ന് കെൽട്രാക് എന്ന സ്ഥാപനവും അവിടെയുള്ള ജീവനക്കാരും നേരിട്ട പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി രണ്ട് ഘട്ടങ്ങളിലായി ആകെ ഒരു കോടി പത്ത് ലക്ഷം രൂപയുടെ അടിയന്തിര ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. നിലവിൽ ജീവനക്കാർക്ക് നൽകുവാൻ കുടിശ്ശികയായിട്ടുള്ള വേതനം, വിതരണം ചെയ്യുവാൻ കെൽട്രാക് ശ്രമിക്കുന്നുണ്ട്. ബ്രഹ്മോസിൽ നിന്നും കൂടുതൽ വർക്ക് ഓർഡറുകൾ ലഭ്യമാക്കി ടൂൾറൂം രണ്ട് ഷിഫ്റ്റിൽ പ്രവർത്തിക്കുവാനും അതുവഴി വരുമാനം വർദ്ധിപ്പിക്കുവാനും കൂടാതെ കെൽട്രാക്കിലെ ട്രെയിനിംഗ് സെന്റർ കെൽട്രോൺ നോളജ് സെന്ററുമായി ചേർന്ന് കൂടുതൽ സർട്ടിഫിക്കേഷൻ കോഴ്സുകൾ നടത്തുവാനും പദ്ധതിയുണ്ട്. ഈ പദ്ധതികൾ പൂർത്തിയാക്കുന്നതു വഴി സ്ഥാപനത്തിലെ ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാകുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ